# ST.  ANTONY’S A U P S PAZHOOR
# ACADEMIC MASTER PLAN 2025-2026



# ആമുഖം

ഓരോ കുട്ടിയുടെയും സമഗ്ര വികസനമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യം വെക്കുന്നത്. വിദ്യാഭ്യാസം അത്തരത്തിൽ ഓരോ കുട്ടിക്കും വേണ്ട രീതിയിൽ ക്രമീകരിക്കുമ്പോഴാണ് ഓരോ അധ്യാപകനും വിജയിക്കുന്നത്. എഴുത്തിലും വായനയിലും മിടുക്കരാക്കുക എന്നതിനോടൊപ്പം മറ്റ് അക്കാദമിക നേട്ടങ്ങളും ലക്ഷ്യം വയ്ക്കുന്നു. ഇത് പ്രകാരം ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവും വൈകാരികവും വൈജ്ഞാനികവുമായ ബോധമണ്ഡലങ്ങളിൽ വികാസം പ്രാപ്തമാക്കാനായി **L.P,UP** ക്ലാസിലെ പ്രവർത്തനങ്ങളും ഒരുക്കിയിരിക്കുന്നു. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും ഒരു നല്ല വിദ്യാഭ്യാസത്തിൻറെ ഉടമയായി, ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുള്ളവരായി തീരണം അതാണ് ലക്ഷ്യം.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് എൽ പി ക്ലാസുകളിൽ നടത്തുന്ന പൊതുവായ പ്രവർത്തനങ്ങൾ,

- സമ്പൂർണ്ണ ഭവന സന്ദർശനം നടത്തി ഓരോ കുട്ടിയെയും കുറിച്ചുള്ള സമഗ്ര പ്രൊഫൈൽ തയ്യാറാക്കൽ,
- 'എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു' എന്ന പ്രോജക്റ്റുമായി ബന്ധപ്പെട്ട് ക്ലാസിലെ എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കാൻ മാനന്തവാടി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ C-Smiles അധ്യാപക സഹായി പ്രയോജനപ്പെടുത്തുന്നു. വായന ലേഖന പ്രവർത്തനങ്ങൾ കൂടുതൽ എളുപ്പമാക്കുന്നു.
- ശില്പശാലകൾ, സചിത്ര പുസ്തകം, സംയുക്ത ഡയറി ,സ്വതന്ത്ര ഡയറി , സർഗാത്മക ഡയറി എന്നിവ തയ്യാറാക്കൽ, തുടങ്ങിയ വിവിധ മേഖലകൾ കൂടി പരിചയപ്പെടുന്നു. സ്വന്തം അനുഭവങ്ങൾ പറയാനും എഴുതാനും കഴിയുന്നു.

## CLASS - 1

## മലയാളം

**ലക്ഷ്യങ്ങൾ**

- ഒന്നാം ക്ലാസിലെ മുഴുവൻ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- ലഘുവായ വായന കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു.

- **പാഠഭാഗത്തെ കവിതകൾ ഈണത്തോടയും താളത്തോടെയും ചൊല്ലുന്നതിനുള്ള കഴിവ് നേടുക.**
- രക്ഷിതാവിന്റെയും അധ്യാപകന്റെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- ഭവന സന്ദർശനം നടത്തി ഓരോ കുട്ടിയെയും വ്യക്തിഗതമായി അറിയുക.
-
- **<u>പ്രവർത്തന പദ്ധതി</u>**
-
- ജൂൺ
- ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.
- സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ.
- വിദ്യാപ്രവേശ് പ്രവർത്തനങ്ങൾ പൂർത്തിയാക്കൽ.
- ജൂലൈ
- സംയുക്ത ഡയറി എഴുത്ത് ആരംഭിക്കുന്നു.
- കുട്ടിക്ക് കഥ പറയാൻ അവസരം.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്ത് നോക്കാനും അവസരം ഒരുക്കുന്നു.
- ക്ലാസ് ലൈബ്രറി ഒരുക്കുന്നു.
- ഓഗസ്റ്റ്
- സംയുക്ത ഡയറി എഴുത്തു തുടരുന്നു. പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടിയെ നയിക്കുന്നു.
- സെപ്റ്റംബർ
- വ്യക്തിഗത രചനകൾക്ക് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ രചനകളുടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരും ആക്കി മാറ്റുന്നു.
- ഒക്ടോബർ
- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.
- നവംബർ

- രചനോത്സവം തുടങ്ങുന്നു.
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ അവതരിപ്പിക്കുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.
- ഡിസംബർ
- ഭാഷാ പ്രവർത്തനങ്ങൾ രസകരമായ അവതരിപ്പിക്കുന്നു.
- രചനാ ശേഷി പരിപോഷിപ്പിക്കൽ.
- കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് സ്വന്തമായ രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- ജനുവരി
- ലഘു രചന ശില്പശാലകൾ നടത്തുന്നു
- കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- ഫെബ്രുവരി
- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- സ്വതന്ത്രമായി എഴുതുന്നതിനും വായിക്കുന്നതിനും കഴിയുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുൻപിൽ അവതരിപ്പിക്കുന്നു.
- മാർച്ച്
- പഠനോത്സവം വിജയോത്സവം സംഘടിപ്പിക്കുന്നു

## <u>ഗണിതം</u>

- **<u>ലക്ഷ്യങ്ങൾ</u>**
- ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണിയെടുക്കുന്നു എഴുതുന്നു വായിക്കുന്നു.
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു.
- സംഖ്യകളുടെ സങ്കലനം വ്യവകലനം.
- **<u>പ്രവർത്തന പദ്ധതി</u>**

- ജൂൺ
- സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.
- ജൂലൈ
- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.
- ഓഗസ്റ്റ്
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ കുറവ് തിരിച്ചറിയുന്നു.
- ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സെപ്റ്റംബർ
- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലനം.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനം.
- ഒക്ടോബർ
- ഒന്നിടവിട്ട് സംഖ്യകളാണ് ഒറ്റസംഖ്യ ഇരട്ടസംഖ്യ എന്ന തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.
- നവംബർ
- സംഖ്യാ ഗാനങ്ങൾ പാടുന്നു.
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലനം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- ഡിസംബർ
- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ.
- ഗണിത ആൽബം തയ്യാറാക്കൽ
- ജനുവരി
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഫെബ്രുവരി
- പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- മാർച്ച്
- ഗണിതശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നൽകുന്നു.

- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

# ENGLISH

- The goal for the first grader is to handle English fluently.
- The first grader must go from small words. They must be able to read write and speak English. We have to keep the language English close to our heart.
- Objectives and learning outcomes.
- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with symbol words.
- Enjoy songs and sings them with the rhythm and action.
- Familiarise the names of birds animals their young ones and identify them from pictures.
- June
- Introduce symbol words.
- Provides picture cards.
- July
- Identify familiar words
- Say familiar words
- Read familiar words
- Write familiar words.
- August
- Enjoy songs and sings them with Rhythm and action
- Describe orally about pictures and objects using adjectives
- September
- Read and write simple words & sentences.
- Provides picture cards and reading cards.
- October.
- Introduce symbol picture descriptions
- Make words chain sentence chain.
- Describing words rhyming words.
- November
- Prepare reading cards

- Provide more opportunities to read, write and speak English.
- Write five English words daily.
- December
- Read and understand simple instructions in the classroom
- Encourage digital reading.
- January
- Enjoy songs and sings them with Rhythm and action
- Make picture albums
- Collect pictures of animals and its young ones
- February
- Provide the opportunity to express myself in the classroom.
- English assembly once in a week.
- March
- Speak English fluently
- Read and write Simple sentences
- Picture reading and a picture description.

# CLASS - 2

## മലയാളം

### പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഒരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
- എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക
- എല്ലാ കുട്ടികളെയും തെറ്റുകൾ ഇല്ലാത്ത, നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിപരമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു (കവിതാ പൂരണം

### മുന്നൊരുക്കം

- 
- പ്രീ ടെസ്റ്റ് നടത്തുന്നു എല്ലാ തലങ്ങളിലുള്ള കുട്ടികളെയും കണ്ടെത്തുന്നു
- കുട്ടികളുടെ നിലവിലുള്ള അവസ്ഥ കഴിവുകൾ പരിമിതികൾ എന്നിവ ക്ലാസ് പി.ടി.എ നടത്തി എല്ലാ മാസവും കുട്ടിക്ക് പിന്തുണ ലഭ്യമാക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നു
- ജൂൺ
- ചിത്ര കാർഡുകൾ നൽകൽ ചിത്രവും പദവും ഉൾക്കൊണ്ട് ഭാഷണത്തിന് ക്ലാസ്സിൽ അവസരം ഒരുക്കൽ വായനസാമഗ്രികൾ നിർമ്മിക്കൽ
- വായനയും എഴുത്തു വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ
- ജൂലൈ
- ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യത ഉറപ്പാക്കുന്നു
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു
- സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു
- ആഗസ്റ്റ്
- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ ലൈബ്രറി ഒരുക്കൽ
- ചിത്രവിവരണം വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു.
- സെപ്റ്റംബർ
- വായിച്ചെറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കൽ വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ വായിച്ച കഥാരംഗങ്ങൾക്ക് ആവിഷ്കാരം ചെയ്യൽ
- ഒക്ടോബർ
- കേട്ടതോ വായിച്ചതോ ആയ കഥകൾ സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു
    - ഉദാ: ആന
    - വലിയ ആന
    - കറുത്ത വലിയ ആന
- നവംബർ
- കുട്ടികൾക്ക് സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.
- ഡിസംബർ
- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു

- ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.
- ജനുവരി
- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുള്ള അവസരം ഒരിക്കൽ കവിതാ പൂരണം
- ലഘു വിവരണങ്ങൾ പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുള്ള അവസരം ഒരുക്കൽ
- ഫെബ്രുവരി
- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ ഭാഷണം ലേഖനം എഴുത്ത്
- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരിക്കൽ
- മാർച്ച്
- വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ
- ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ കയ്യെഴുത്ത് മാസിക മാഗസിനുകൾ തയ്യാറാക്കൽ
- വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ
- ക്ലാസ് ലൈബ്രറി , സ്കൂളിലെ ലൈബ്രറി ശക്തമാക്കൽ

## **<u>ഗണിതം</u>**

### **<u>ലക്ഷ്യങ്ങൾ</u>**

- 100 വരെയുള്ള സംഖ്യ ബോധം സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം വ്യവകലനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നുനൂറിൽ താഴെ
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

### **<u>മുന്നൊരുക്കം</u>**

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു

- പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നു.
- ജൂൺ
- 1,2,3,4,...
- 1,3,5,7....
- 10,20,30,40...
- 5,10,15,20 .. ..
- 2,4,6,8, തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ഒന്നു കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവുണ്ടാക്കൽ
- ജൂലൈ
- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ (5 +5 = 10, 10 +10= 20)
- ആഗസ്റ്റ്
- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
- നോട് ഒന്നു കൂട്ടിയാൽ 100
- പത്തുകൾ ചേർന്നാൽ 100 ആകും
    - 100 ഒന്നുകൾ ചേർന്നതാണ് 100
- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ
- സെപ്റ്റംബർ
- ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവര പട്ടിക തയ്യാറാക്കൽ
- ക്ലാസിൽ ഒരു കട, സ്കൂളിൽ ഒരു കട ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു
- ഒക്ടോബർ
- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു
- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധം ഉണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

- 5....10....15....20....25 (5 വീതം കൂട്ടിയാൽ പ്രശ്നവിശകലനം ചെയ്യാം)
- നവംബർ
- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായി കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- 'ക്ലാസിന് ഒരു കളി'യിലൂടെ പ്രശ്നനിർധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ
- 10 രൂപ + 5 രൂപ = 15 രൂപ
- ഡിസംബർ
- സംഖ്യാബോധം തിരിച്ചറിയൽ, സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ
- സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ.
- രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു
- ജനുവരി
- വിലവിവര പട്ടിക തയ്യാറാക്കൽ, വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
- പ്രശ്നനിർദ്ധാരണം ചെയ്തു തുക കണ്ടെത്തൽ രീതികൾ
- സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ
- ഫെബ്രുവരി
- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ ഗണിത പഠനം കളരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ
- മാർച്ച്
- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
- കലണ്ടർ, സംഖ്യാ ബന്ധങ്ങൾ ,പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.

## ENGLISH

- **Aim :** To speak, Read, & write English without any mistakes

- 
- **Time -** June ,July, August
- 
- **June**
- Pre test
  - To develop listening skills & reading skills first
- **Listening skills**
  - Games, Action songs Hello English activities, 2 conversations, skit stories
- 
- **Use of ICT**
- 
- **Speaking skills**
  - Descriptions, growing sentences, picture reading, picture description self-introduction
- Assembly activities- speech , book review, quiz riddles,self introduction. School radio etc
- 
- **July & August**
- **Reading skills**
  - News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities
- 
- **Writing skills**
  - Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines.

## CLASS 3

## ഗണിതം

- ഒന്ന്, രണ്ട് ക്ലാസിലെ അറിവുകൾ സ്വായത്തമാക്കി വ്യക്തമായ ധാരണയോടും ശേഷികൾ കൈവരിച്ചവരുമാണ് മൂന്നാം ക്ലാസിലെ കുട്ടികൾ. ആയതിനാൽ അവരിൽ

അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങൾക്ക് തന്നെയാണ് കൂടുതൽ സാധ്യത ഒരുക്കേണ്ടിയിരിക്കുന്നത്. ഗണിത വിഷയത്തിന് പ്രാധാന്യം നൽകുന്ന കർമ്മപദ്ധതി രൂപകൽപ്പന ചെയ്യേണ്ടതുണ്ട് കുട്ടികളിൽ തുല്യതയും ഗുണനിലവാരം ഉള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കാൻ ഈ ദൗത്യം കൊണ്ട് പൂർത്തിയാക്കേണ്ടത് ആവശ്യമാണ്.

- **ലക്ഷ്യങ്ങൾ**
  - ചതുരം വൃത്തം ത്രികോണം എന്നീ രൂപങ്ങളെ കുറിച്ചുള്ള ധാരണ നൽകുന്നു .
  - 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.
  - എല്ലാ കുട്ടികളിലും സംഖ്യ ബോധം ഉണ്ടാക്കുക.
  - സങ്കലന വ്യവകലന ക്രിയകൾ. ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തമാക്കുക.
  - ഗുണന വസ്തുതകൾ നേടൽ
  - ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ ആർജിക്കൽ.
  - നിത്യജീവിതത്തിന്റെ ഭാഗമായും കളികളുടെ ഭാഗമായും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് നീളത്തിന്റെ അളവുമായി ബന്ധപ്പെട്ട ഏകകങ്ങൾ ആശയങ്ങൾ എന്നിവ കൃത്യതയോടെ ഉപയോഗിക്കുന്നു.
  - നിത്യ ജീവിതത്തിൻറെ വിവിധ സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ വ്യവകലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതിനും നിഗമനങ്ങൾ രൂപീകരിക്കുന്നതിനുള്ള ശേഷി നേടുന്നു.
  - സമയം അറിയുന്നതിനുള്ള അനുയോജ്യമായ ഉപകരണങ്ങൾ സൂക്ഷ്മതയോടും കൃത്യതയോടെ കൈകാര്യം ചെയ്യുന്നതിനും ദൈനംദിന ജീവിതത്തിലെ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് കലണ്ടർ ഉപയോഗിക്കുന്നതിനുള്ള കഴിവ് ആർജിക്കുന്നു.
-
- **<u>പഠന പ്രവർത്തനങ്ങൾ:</u>**
-
- ജൂൺ - ജൂലൈ
  - ജാമിതീയ രൂപങ്ങൾ ഉപയോഗിച്ച് പാറ്റേണുകൾ വരയ്ക്കുന്നു
  - വെജിറ്റബിൾ പ്രിന്റിംഗ് ചെയ്യുന്നു
  - അബാക്കസ് നിർമ്മാണം: മൂന്നക്ക സംഖ്യകൾ രൂപീകരിക്കുകയും സ്ഥാനവിലയ്ക്ക് അനുസരിച്ച് ക്രമപ്പെടുത്തുകയും ചെയ്യുന്നു.
  - സംഖ്യാ പാറ്റേണുകൾ പൂർത്തിയാക്കുന്നു പുതിയ പാറ്റേണുകൾ നിർമ്മിക്കുന്നു.
  - സ്ഥാനവില പോക്കറ്റ് നിർമ്മിക്കുന്നു
- ആഗസ്റ്റ്
  - പാറ്റേണുകളുടെ ലോകം: സംഖ്യ പാറ്റേണുകൾ പൂർത്തിയാക്കുകയും പുതിയ പാറ്റേണുകൾ നിർമ്മിക്കുകയും ചെയ്യുന്നു

- കളി നോട്ടുകൾ/ കമ്പുകെട്ടുകൾ: രണ്ട് മൂന്നക്ക സംഖ്യകളുടെ സംഘടനക്രിയ ചെയ്യുന്നതിന് വ്യത്യസ്ത വഴികൾ കണ്ടെത്തൽ

- സെപ്റ്റംബർ - ഒക്ടോബർ
  - സ്കെയിലിലെ അളവ്: സ്കെയിലിലെ വിവിധ രേഖപ്പെടുത്തലുകൾ തിരിച്ചറിയുന്നു
  - ക്ലാസ് മുറിയുടെ നീളം: സ്കെയിൽ നിർമ്മാണം കൊണ്ട് ക്ലാസ് മുറിയുടെ നീളം കണ്ടെത്തുന്നു. ആളെന്നെ എഴുതുന്നു ഉയരം കണ്ടെത്തുന്നു.
  - ഗുണിക്കാം പട്ടിക പൂർത്തിയാക്കാം: പ്രായോഗിക പ്രശ്നങ്ങൾ സ്വന്തമായി പരിഹരിക്കൽ, രണ്ട് മൂന്ന് നാല് അഞ്ച് ആറ് പത്ത് എന്നിവയുടെ ഗുണന വസ്തുത തിരിച്ചറിയൽ
  - സംഖ്യാ ചാർട്ട്: മൂന്നക്ക സംഖ്യകളെ സ്ഥാനവിലനുസരിച്ച് പിരിച്ചെഴുതി വ്യത്യാസം കണ്ടെത്തുന്നു

- നവംബർ - ഡിസംബർ
  - വാച്ച് ക്ലോക്ക് നോക്കി സമയം പറയൽ സമയവുമായി ബന്ധപ്പെട്ട് കളികളിലെ പ്രവർത്തനങ്ങളിലെയും കുട്ടികളുടെ പങ്കാളിത്തവും പ്രകടനവും
  - കലണ്ടർ നോക്കി ദിവസം മാസം വർഷം എന്നിവ പറയുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലെ പങ്കാളിത്തവും
  - ക്ലോക്ക് വാച്ച് എന്നിവയുടെ നിർമ്മാണം

- ജനുവരി
  - ഇരട്ടിയും മടങ്ങും: പ്രായോഗിക സന്ദർഭങ്ങളിലൂടെയും പ്രശ്നപരിഹരണത്തിലൂടെയും ഇരട്ടിയും മടങ്ങും തിരിച്ചറിയുന്നു.
  - ഗുണിക്കണം കണ്ടെത്താം: ഗുണനക്രിയയിലെ സംഖ്യകളുടെ ക്രമം മാറിയാലും ഗുണനഫലത്തിൽ മാറ്റം ഉണ്ടാകില്ല എന്ന് നിഗമനം രൂപീകരിക്കുന്നു.

- ഫെബ്രുവരി
  - മഞ്ചാടിക്കളി: തുല്യമായി വിതരണം ചെയ്യുന്നതിനും എല്ലാവരെയും ഉൾക്കൊള്ളുകയും ചെയ്യുന്നതിനുള്ള മനോഭാവം ആർജിക്കൽ.
  - ഒത്തു നിൽക്കാം കൂട്ടരേ: ഒരു നിശ്ചിത എണ്ണത്തെ തുല്യമായ വീതിക്കുന്നതിന് ഭരണക്രിയ ഉപയോഗിക്കുന്നു എന്ന് ആശയം തിരിച്ചറിയുന്നു.
  - പൂക്കളുടെ എണ്ണം: ഭരണക്രിയയെ ഗുണന വസ്തുതയുമായി ബന്ധപ്പെടുത്തി നിർത്താരണം ചെയ്യാൻ കഴിയുന്നു.

- മാർച്ച്
  - അളവ് പറയൂ: ഒരു പാത്രത്തിലെ അളവിനെ സംബന്ധിച്ച് കൃത്യമായി പ്രവചിക്കുന്നു അളന്ന് കണ്ടെത്തുന്നു
  - അളക്കാം നിറക്കാം: ലിറ്റർ മില്ലി ലിറ്റർ ബന്ധം തിരിച്ചറിഞ്ഞ് പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

- എന്തൊരു ഭാരം: വസ്തുക്കളുടെ തൂക്കം സംബന്ധിച്ച് കൃത്യമായി പ്രവചിക്കുന്നു അളന്ന് കണ്ടുപിടിക്കുന്നു.

## പരിസര പഠനം

- പഠന ലക്ഷ്യങ്ങൾ
  - കുട്ടികളിൽ ശാസ്ത്ര ബോധം വികസിപ്പിക്കുകയും അത് നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുക.
  - ശാസ്ത്രപരീക്ഷണങ്ങളിൽ താൽപ്പര്യം ജനിപ്പിക്കൽ.
  - ചുറ്റുപാടും ഉള്ള വിവിധ സസ്യങ്ങളുടെ തണ്ടിന്റെ കാഠിന്യം വലുപ്പം ആയുസ്സ് വളരുന്ന ചുറ്റുപാട് എന്നിവയുമായി ബന്ധപ്പെട്ട സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിയണം
  - നമുക്ക് ചുറ്റുമുള്ള ജന്തുലോകത്തിന്റെ വൈവിധ്യവും പ്രാധാന്യവും തിരിച്ചറിഞ്ഞ് ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള മനോഭാവം രൂപപ്പെടുത്തുക.
  - ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് ജലവും മണ്ണും അത്യന്താപേക്ഷിതമാണെന്നും അവ മലിനമാകാതെ സംരക്ഷിക്കപ്പെടേണ്ടതാണെന്നും ഉള്ള ധാരണ കുട്ടികളിൽ വളർത്തിയെടുക്കുക.
  - കുട്ടികളിൽ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ശൈലിക്കാനുള്ള മനോഭാവം ചെറുപ്രായത്തിൽ തന്നെ രൂപപ്പെടുത്തുക.
  - വൈവിധ്യമായ ഭക്ഷണങ്ങളെക്കുറിച്ചും അവ നമ്മുടെ ശരീരത്തിന് നൽകുന്ന ഗുണങ്ങളെ കുറിച്ചും തിരിച്ചറിയുന്നതിലൂടെ തൻറെ ആഹാരത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിന് ആവശ്യമായ ചിന്തയിലേക്ക് കുട്ടിയെ നയിക്കുക.
  - സുരക്ഷിത ജീവിതത്തിന് ആവശ്യമായ കാര്യങ്ങൾ അന്വേഷിച്ചറിയുന്നതിനും നിയമങ്ങൾ പാലിക്കുന്നതിനും ആവശ്യമായ ശേഷി ആർജിക്കുന്നു.
  - നാം ജീവിക്കുന്ന ലോകത്തെ പറ്റിയുള്ള പ്രാഥമിക ഭൂമിശാസ്ത്ര ധാരണകൾ കുട്ടിൽ രൂപപ്പെടുത്തുക.
  - വാസസ്ഥലങ്ങളിലെ വൈവിധ്യം ആസ്വദിക്കുന്നതിനും എങ്ങനെയാണ് ഇവ നിർമ്മിക്കുന്നത് എന്ന കൗതുകകരമായ അന്വേഷണത്തിലേക്ക് നയിക്കുന്നതിനും പഠിതാക്കളെ പ്രാപ്തരാക്കുക.

### പഠന പ്രവർത്തനങ്ങൾ

- ജൂൺ - ജൂലൈ
  - നിരീക്ഷണം :സസ്യങ്ങളുടെ സവിശേഷതകൾ, ചെറുജീവികൾ
  - തരം തിരിക്കാം: വ്യത്യസ്ത തരം സസ്യങ്ങൾ, ജീവികളും ആഹാരവും

- പട്ടികപ്പെടുത്തൽ : വ്യത്യസ്ത തരം സസ്യങ്ങൾ, സസ്യ ഭാഗങ്ങളും പ്രയോജനങ്ങളും, വളർത്തു ജീവികൾ, ജീവികളുടെ സഞ്ചാര രീതി, ശാരീരിക സവിശേഷതകൾ
- നിഗമനങ്ങൾ രൂപീകരിക്കൽ.
- ലഘു പ്രൊജക്റ്റ്- ഒരു ചെടിയുടെ വളർച്ച ഘട്ടം
- പരീക്ഷണം- വിത്തു മുളപ്പിക്കുക.

- ഓഗസ്റ്റ് - സെപ്റ്റംബർ
  - ഇര തേടലിന് സഹായിക്കുന്ന ശരീരഭാഗങ്ങൾ - ചിത്ര ആൽബം.
  - ജീവികളുടെ ആവാസവ്യവസ്ഥകൾ ഇല്ലാതായാൽ- ചർച്ച
  - പൂമ്പാറ്റകളെ നിരീക്ഷിക്കൽ, വിവിധതരം പൂമ്പാറ്റകളുടെ ശാരീരിക സവിശേഷതകൾ താരതമ്യം ചെയ്യൽ.
  - പരീക്ഷണത്തിൽ ഏർപ്പെടുക- മഴമാപിനി നിർമ്മാണം, മഴവെള്ളം മണ്ണിലേക്ക് താഴുന്നുണ്ടോ എന്ന് കണ്ടെത്തുന്നതിനുള്ള പരീക്ഷണം
  - കാർട്ടൂൺ - കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന വിവിധ ജലസ്രോതസ്സുകൾ
  - ചിത്ര നിരീക്ഷണം - ജീവികൾ പുഴയിലെ വെള്ളം എന്തിനെല്ലാം ഉപയോഗപ്പെടുത്തുന്നു
  - ചർച്ച - ജലം ലഭിക്കാതെ വന്നാൽ ജീവജാലങ്ങൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ
- ഒക്ടോബർ
  - ശരീര ശുചിത്വവുമായി ബന്ധപ്പെട്ട കവിത , കഥ, സംഭവങ്ങൾ, ആനിമേറ്റഡ് വീഡിയോ അവതരണം
  - കൈ കഴുകൽ , സ്കൂൾ പരിസരം - നിരീക്ഷണം
  - ചർച്ച - പ്ലാസ്റ്റിക് വലിച്ചെറിയൽ കത്തിക്കൽ പ്രശ്നങ്ങൾ, മാലിന്യം തരംതിരിച്ച് നിക്ഷേപിക്കുന്നതിന്റെ പ്രാധാന്യം
  - സർവ്വേ - സ്കൂൾ പരിസര നിരീക്ഷണം, വീട് പരിസര ശുചിത്വം
- നവംബർ
  - ഭക്ഷ്യവസ്തുക്കളെ തരം തിരിക്കാം
  - ചെറുധാന്യങ്ങളുടെ പ്രദർശനം
  - വിവിധ ഭക്ഷ്യവസ്തുക്കളുടെ വർഗീകരണം
  - സാലഡ് തയ്യാറാക്കാം
  - പോസ്റ്റർ നിർമ്മാണം
  - പച്ചക്കറി തോട്ടം നിരീക്ഷിച്ച് ഫോർമാറ്റ് പൂരിപ്പിക്കൽ
  - എന്റെ പച്ചക്കറിത്തോട്ടം നിർമ്മാണം
- ഡിസംബർ - ജനുവരി
  - ചിത്രനിരീക്ഷണം
  - ചർച്ച
  - പട്ടികപ്പെടുത്തൽ
  - മൂകാഭിനയം

- ചിത്ര വ്യാഖ്യാനം
- പരീക്ഷണം
- ജനുവരി - ഫെബ്രുവരി
- ഗ്ലോബ് നിരീക്ഷണം
- പൊതു ചർച്ച
- പരീക്ഷണം
- നിരീക്ഷണം- ഭൂമി , സൂര്യൻ , ചന്ദ്രൻ
- വിവരശേഖരണം -:സൂര്യൻ, ചന്ദ്രൻ, ഭൂമ
- താരതമ്യം ചെയ്യൽ-
- ICT - മാർബിൾ സോഫ്റ്റ്‌വെയർ
- മാർച്ച്
- ചിത്രശേഖരണം -പക്ഷിയും പക്ഷി കൂടുകളും
- പരിസര നടത്തം
- വിവിധ തരം ഉറുമ്പിൻ കൂടുകളുടെ നിരീക്ഷണം
- വീട്ടു നിർമ്മാണം
- വാസസ്ഥലവും ഉപയോഗങ്ങളും- പട്ടികപ്പെടുത്തൽ
- ഒത്തൊരുമിച്ച് വീട്ടിലെ ചുമതലകൾ- പങ്കാളിത്തം : ചർച്ച

## **മലയാളം**

- **ലക്ഷ്യങ്ങൾ**

- അടിസ്ഥാന ഭാഷ ശേഷി വികസനം
- ചെറിയ വാക്യങ്ങളുടെ എഴുത്തിൽ നിന്നും രചനകളിലേക്ക് എഴുത്തിന്റെ വികാസം
- സർഗ്ഗാത്മകത ഉണർത്തുന്ന രീതിയിൽ ഉള്ള രചനകൾ
- വായന പരിപോഷണം
- ഭാഷാപരമായി പിന്നോക്ക നിലയിൽ ആയിരിക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം
- പ്രകൃതി അറിയുന്നതിന് ആസ്വദിക്കുന്നതിനുള്ള ശേഷി
- ശുചിത്വ ബോധമുള്ള സമൂഹം സൃഷ്ടിക്കുന്നതിന്

| ലക്ഷ്യം | പ്രവർത്തനം | കാലം |
|---|---|---|
| ഭാഷപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷപരമായി പിന്നോക്കാവസ്ഥ യിൽ നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകൽ | ജൂൺ - മാർച്ച് |

| | | |
|---|---|---|
| | ,ആവശ്യമായ സാമഗ്രി ഒരുക്കൽ | |
| ➢ വായനശേഷി വളർത്തൽ | ➢ ക്ലാസ് വായന കൂട്ടം , ക്ലാസ്സ് ലൈബ്രറി ഒരുക്കൽ , പുസ്തക പരിചയം, വായന കുറിപ്പ് , ആസ്വാദന കുറിപ്പ്<br>➢ | ➢ വർഷം മുഴുവൻ |
| ➢ സാഹിത്യ പ്രതിഭകളെ<br>➢ അടുത്തറിയാം<br>➢<br>➢ | ➢ കവികളെ കുറിച്ചുള്ള<br>➢ ഡോക്യുമെന്ററി പ്ര ദർശനം<br>➢ ലേഖന ശേഷി<br>➢ വർദ്ധിപ്പിക്കൽ<br>➢ ഡയറി എഴുത്തുകൾ,<br>➢ പിന്തുണ ബുക്ക്,<br>➢ സർഗാത്മകത രചന<br>➢ | ➢ ജൂലൈ - ഡിസംബർ<br>➢<br>➢ |

➢

➢

## ➢ **ENGLISH**

➢

➢

| ➢ ലക്ഷ്യം | ➢ പ്രവർത്തനം | ➢ കാലം |
|---|---|---|
| ➢ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനു ള്ള അവസരമൊരു ക്കൽ<br>➢ | ➢ ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ കാർട്ടൂൺ പ്രദർശനം ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ<br>➢ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | ➢ ജൂൺ - മാർച്ച്<br>➢ |
| ➢ ആശയമറിഞ്ഞും ഒഴുകോടെടെയുമു ള്ള വായന | ➢ ക്ലാസ് ലൈബ്രറി വികസനം<br>➢ ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ➢ വർഷം മുഴുവൻ<br>➢ |
| ➢ ലേഖന ശേഷി വർദ്ധിപ്പിക്കൽ | ➢ ഇംഗ്ലീഷ് അസംബ്ലി<br>➢ വൺഡേ ഇംഗ്ലീഷ്<br>➢ ഇംഗ്ലീഷ് പഠനം ശബ്ദങ്ങളിലൂടെ | ➢ ലക്ഷ്യം നേടുന്നത് വരെ |

| | | |
|---|---|---|
| | ➢ ഇംഗ്ലീഷ് ഡയറി | |

➢

➢

## ➢ CLASS 4

➢

## ➢ മലയാളം (ഭാഷാ പഠനം)

➢

| ➢ പ്രവർത്തനം | ➢ ലക്ഷ്യം | ➢ കാലം |
|---|---|---|
| ➢ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ,ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | ➢ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടു വരൽ | ➢ ലക്ഷ്യം നേടുന്നതുവരെ ➢ |
| ➢ വായിക്കാം വളരാം ➢ വായിച്ച പുസ്തകങ്ങളുടെ വായനക്കുറിപ്പ് തയ്യാറാക്കൽ | ➢ വായനശേഷി വളർത്തൽ | ➢ വർഷം മുഴുവൻ |
| ➢ ക്ലാസ് വായന, ക്ലാസ്സ് ലൈബ്രറി ഒരുക്കൽ, പുസ്തകപരിചയം | ➢ വായന പ്രോത്സാഹിപ്പിക്കൽ | ➢ ജൂൺ(വായനാദിനപ്രവർത്തനങ്ങൾ ) ജൂലൈ |
| ➢ വായനക്കുറിപ്പ്,ആസ്വാദനക്കുറിപ്പ്,പുസ്തക സംവാദം. | ➢ മലയാള സാഹിത്യത്തെ പരിചയപ്പെടുക | ➢ ഡിസംബർ, ജനുവരി |
| ➢ എഴുതാം തെളിയാം | ➢ എഴുത്ത് പരിപോഷിപ്പിക്കൽ. ചിന്നങ്ങളും അക്ഷരങ്ങളും തെറ്റാതെ എഴുതാൻ പരിശീലിപ്പിക്കുന്നു. | ➢ വർഷം മുഴുവൻ |
| ➢ പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളി | ➢ സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി എല്ലാ കുട്ടികളെയും എഴുത്തും | ➢ ജൂൺ - മാർച്ച് |

| | | |
|---|---|---|
| ൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | വായനയുംഅഭ്യസിപ്പിക്കുന്നു. | |
| ➢ സാഹിത്യകാരന്മാരുമായി സംവദിക്കൽ | ➢ ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | ➢ ജനുവരി , ഫെബ്രുവരി |
| ➢ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ<br>➢ | ➢ അറിവ് ഡോക്യുമെൻററിയിലൂടെ നേടൽ (ICT)<br>➢ | ➢ സെപ്റ്റംബർ, ഒക്ടോബർ |
| ➢ രുചിച്ചറിയാം ഭക്ഷ്യമേള പാചകക്കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിൽ ഒരു സദ്യ | ➢ നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ➢ നവംബർ |
| ➢ ഓർക്കാം അഭിമാനിക്കാം സാഹിത്യകാരന്മാർ. | ➢ സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ ഡോക്യുമെൻററി പ്രദർശനം പുസ്തകപരിചയം ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം. സാഹിത്യകാരന്മാരെ അടുത്തറിയൽ ഓർമ്മ ദിനങ്ങൾ ആചരിക്കൽ | ➢ ജൂൺ , ജൂലൈ<br>➢ (ആവശ്യാനുസരണം) |
| ➢ കലക്കൂട്ട് പ്രദേശവാസികളായ കലാകാരന്മാരു | ➢ പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | ➢ സെപ്റ്റംബർ |

| | | |
|---|---|---|
| ടെ സേവനം ക്ലാസ് മുറിയിലേക്ക് | | |
| ➢ ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/ പ്രദർശനം (സർഗോത്സവം കലാവതരണം കലാപുകരണങ്ങൾ ചമയങ്ങൾ പ്രദർശനം) | ➢ കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം.<br>➢ പഠനോൽസവം | ➢ മാർച്ച് |

➢

## ➢ <u>പരിസര പഠനം</u>

➢

| ➢ പ്രവർത്തനം | ➢ ലക്ഷ്യം | ➢ കാലം |
|---|---|---|
| ➢ പ്രകൃതി നടത്തം - പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ➢ നിരീക്ഷണം അറിവ് നിർമ്മാണം | ➢ ഓഗസ്റ്റ് സെപ്റ്റംബർ |
| ➢ ശാസ്ത്ര മൂല- ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരിക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ➢ ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ➢ ജൂൺ മാർച്ച് |
| ➢ ശാസ്ത്രയാത്ര വനനിരീക്ഷണ | ➢ ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ➢ നവംബർ – ഡിസംബർ |

| | | |
|---|---|---|
| കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്രമെഡിക്കൽ പ്രദർശനങ്ങൾ<br>➢ സന്ദർശിക്കൽ | | |
| ➢ ഭൂപടമൊരുക്കാം -<br>➢ കേരളം ഇന്ത്യ ഭൂപട വായന | ➢ ഭൂപട വായന ഭൂപട രചന സൂചിക പരിചയപ്പെടൽ സൂചിക നിർമ്മാണം കളങ്ങൾ ഉപയോഗിക്കൽ | ➢ നവംബർ |
| ➢ ശാസ്ത്ര വിസ്മയ ച്ചമർ - ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ➢ ശാസ്ത്ര പഠനം രസകരമാക്കാൻ | ➢ ജൂൺ - മാർച്ച് |
| ➢ ശാസ്ത്രോത്സവം -<br>➢ പഠനോൽപ്പന്നങ്ങളുടെ പ്രദർശനം, പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം | ➢ ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ➢ സെപ്റ്റംബർ, മാർച്ച് |
| ➢ ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം | ➢ അറിവുകളുടെ രചന | ➢ ജനുവരി |

➢

## ➢ <u>ഗണിതം</u>

➢

➢ നിത്യജീവിതത്തിൽ ഗണിത പഠനത്തിന്റെ പ്രാധാന്യം വർധിച്ചുവരികയാണ്. ഗണിതത്തെ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്തി രസകരമായി അവതരിപ്പിച്ചാൽ നിർദ്ദിഷ്ട പഠനനേട്ടങ്ങൾ കൈവരിക്കാം.

➢

➢ **<u>ലക്ഷ്യങ്ങൾ</u>**

➢

- അടിസ്ഥാന ചതുഷ്ക്രിയകൾ ചെയ്യാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- നാലാം ക്ലാസിൽ ഊന്നൽ നൽകിയ ഗണിതശേഷികൾ എല്ലാവരും നേടിയെന്ന് ഉറപ്പുവരുത്തുക.
- നിത്യജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടികളെ കഴിവുള്ളവരാക്കുക
- ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയുള്ള ഗണിത പഠനത്തിന് അവസരം നൽകുക
- യുക്തിചിന്ത വളർത്തൽ
- ഗണിത പഠനം ആസ്വാദ്യകരമാക്കൽ

➢

| ➢ പ്രവർത്തനം | ➢ ലക്ഷ്യം | ➢ കാലം |
|---|---|---|
| ➢ എല്ലാകുട്ടികളും രക്ഷിതാക്കളുടെ സഹായത്തോടെ വളപ്പൊട്ടുകൾ, 1,10,100 വീതം വരുന്ന ഈർക്കിൽ കമ്പുകെട്ടുകൾ, സംഖ്യാകാർഡുകൾ, സോഡാമൂടികൾ, പുളിങ്കുരു, വിവിധരൂപങ്ങൾ, കളിനോട്ടുകൾ , പൊട്ടുകൾ , ആവശ്യമില്ലാത്ത പേനകൾ എന്നിവ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കൽ | ➢ ഗണിത പഠനം ആസ്വാദ്യകരമാക്കൽ ➢ | ➢ ജൂൺ - മാർച്ച് |
| ➢ കൈവരിച്ച ഗണിത ശേഷികളുടെ അടിസ്ഥാനത്തിൽ കുട്ടികളെവിലയിരുത്തൽ. ➢ കൂടുതൽ പിന്തുണ വശ്യമായവരെ | ➢ യുക്തിചിന്ത വളർത്തൽ , വിലയിരുത്തൽ ➢ | ➢ ജൂൺ- 3-5 |

| | | |
|---|---|---|
| കണ്ടെത്തി പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യൽ | | |
| ➢ ചുറ്റുപാടുമുള്ള ത്രിമാനരൂപങ്ങൾ തിരിച്ചറിയൽ, ചതുരം,സമചതുരം എന്നിവ അളന്ന് പ്രത്യേകതകൾ മനസ്സിലാക്കി നിഗമന രൂപീകരണം<br>➢ വർണ്ണക്കടലാസുകൾ കൊണ്ടുള്ള ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ക്ലാസ് അലങ്കരിക്കൽ<br>➢ തീപ്പെട്ടിക്കമ്പ് ഉപയോഗിച്ച് ജാമിതീയ രൂപങ്ങൾ ഉണ്ടാക്കൽ<br>➢ ജ്യാമിതീയ പാറ്റേൺ തയ്യാറാക്കൽ<br>➢ പേപ്പർ ക്യൂബ് നിർമിച്ച് വശങ്ങൾ തിരിച്ചറിയൽ<br>➢ ശിൽപ്പശാല-ടാൻഗ്രാം ഉപയോഗിച്ച് വ്യത്യസ്ത രൂപങ്ങൾ നിർമ്മിക്കൽ | ➢ രൂപങ്ങൾ തിരിച്ചറിയുന്നു | ➢ ജൂൺ |
| ➢ മൂന്നക്ക സംഖ്യകൾ ഉപയോഗിച്ച് 1000 രൂപീകരിക്കലും വ്യാഖ്യാനിക്കലും<br>➢ നാലക്ക സംഖ്യ - സംഖ്യാബോധം<br>➢ സംഖ്യാറിബൺ, സംഖ്യാകാർഡുകൾ ഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം | ➢ പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം | ➢ ജൂലൈ - മാർച്ച് |
| ➢ ഹോണസ്റ്റി ഷോപ്പ് തയ്യാറാക്കൽ- കണക്കു സൂക്ഷിക്കൽ, പ്രസ്തുത വിഷയവുമായിബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങളുടെനിർധാര | ➢ നിത്യജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടികളെ കഴിവുള്ളവരാക്കുക | ➢ ജൂൺ - മാർച്ച് |

| | | |
|---|---|---|
| ണം. | | |
| ➢ ഗണിതക്വിസ് - സബ്ജില്ലാതല മത്സരത്തിനുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കൽ | ➢ ഗണിത പഠനം ആസ്വാദ്യകരമാക്കൽ<br>➢ | ➢ സെപ്റ്റം ബർ - നവംബർ |
| ➢ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ.<br>➢ ഗണിത വിജയം<br>➢ പ്രവർത്തനങ്ങളുടെഉപ യോഗം. മന:ക്കണക്ക് പരിശീലനം | ➢ ഗണിതശേഷികളുടെ പ്രകടനം | ➢ ആഗസ്റ്റ് – ഫെബ്രുവരി . |
| ➢ ടാൻഗ്രാം, ഒറിഗാമിരൂപങ്ങളുടെ നിർമ്മാണം പ്രദർശനം | ➢ ഗണിതശാസ്ത്ര പഠനം രസകരമാക്കൽ കര ചലന ശേഷി വികാസം | ➢ ജൂൺ<br>➢ |
| ➢ ഗണിത ചുമർ ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | ➢ ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ➢ ജൂൺ മാർച്ച്<br>➢ |
| ➢ ഗണിത മേള പ്രശ്നോത്തരി പസിൽ പാറ്റേൺ പഠനോൽപ്പന്നങ്ങളുടെ പ്രദർശനം | ➢ ഗണിതശേഷികളുടെ പ്രകടനം | ➢ ആഗസ്റ്റ് മാർച്ച് |
| ➢ കലണ്ടറും സമയവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മനസ്സിലാക്കുന്നു | ➢ നിത്യജീവിതത്തിൽ സമയത്തിന്റെയും കലണ്ടറിന്റെയും പ്രാധാന്യം തിരിച്ചറിയുന്നു | ➢ സെപ്റ്റം ബർ ഒക്ടോബർ<br>➢ |

➢

## ➢ **ENGLISH**

➢

➢ **Objectives**

➢

➢ To encourage active listening and speaking skills.

➢ To develop an English atmosphere that the children are engaging..

